**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1522** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഘട്ടം-I (Phase-I) നിലവിൽ പ്രവർത്തനസജ്ജമാണ്. തുറമുഖത്തിന്റെ പൂർണ്ണ ശേഷി കൈവരിക്കുന്നതിനായി ഘട്ടങ്ങൾ II, III, IV കൂടി നടപ്പിലാക്കേണ്ടതുണ്ട്. ഈ ഘട്ടങ്ങൾ പൂർത്തിയാകുന്ന തോടെ തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 30 ലക്ഷം ടി.ഇ.യു. (3 Million TEUs) ആയി ഉയരും. നിലവിൽ തുറമുഖം ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തെ രാജ്യത്തെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായി ബാലരാമപുരം - വിഴിഞ്ഞം ഭൂഗർഭ റയിൽ, വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുറമുഖം പൂർണ്ണശേഷിയിൽ പ്രവർത്തനക്ഷമമാക്കി അതിന്റെ സമ്പൂർണ വാണിജ്യ സാധ്യത കൈവരിക്കുന്നതിനായി ഗേറ്റ് വേ കാർഗോ (Gateway Cargo) അഥവാ കയറ്റുമതി-ഇറക്കുമതി (Export-Import) ചരക്ക് കൈകാര്യം ചെയ്യൽ കൂടി ആരംഭിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ മറ്റ് അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

**(ബി)** വിഴിഞ്ഞം തുറമുഖത്തെ ബന്ധിപ്പിക്കുന്ന റോഡിന്റെയും റെയിൽപാതയുടെയും നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

**<u>മറുപടി:</u>** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത **(NH-66) -** മായി ബന്ധിപ്പിക്കുന്ന താത്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ **NHAI-**യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുള്ളതാണ്**.** താൽക്കാലിക പാത ക്രമീകരണങ്ങൾ ക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ **(NHAI)** കേരള റീജിയണൽ ഓഫീസർ **16-01-2026-**ൽ അനുമതി നൽകുകയുണ്ടായി**.** ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു**.** ഭാവിയിൽ ഔട്ടർ റിംഗ് റോഡും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വർദ്ധിച്ച കണ്ടെയ്നർ ട്രെയിലറുകളുടെ സുഗമമായ നീക്കം സാധ്യമാക്കുന്നതിനുള്ള ശാശ്വത

പരിഹാരമായ ഒരു ക്ലോവർലീഫ് ഇന്റർകണക്ഷൻ **(Cloverleaf Interconnection)** നിർമ്മിക്കുന്ന പദ്ധതി രൂപരേഖയും തയ്യാറാക്കി **NHAI-**ക്ക് സമർപ്പിച്ചിട്ടുണ്ട്.

റെയിൽ കണക്റ്റിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പിലാക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് **(KRCL)** മുഖേന തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ **(DPR)** യ്ക്ക് ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഇന്ത്യൻ റെയിൽവേ നെറ്റ്-വർക്കുമായി ബന്ധിപ്പിക്കുവാനായി റെയിൽപാത നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

**(സി)** വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിഴിഞ്ഞം ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി തുറമുഖ കേന്ദ്രീകൃത വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി കേരള സർക്കാർ 'മിഷൻ സമുദ്ര' എന്ന സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കുക, ആഗോള ഷിപ്പിംഗ് വ്യവസായം ഹരിത ഇന്ധനങ്ങളിലേക്ക് മാറിയ അവസരം പ്രയോജന പ്പെടുത്തി, ഗ്രീൻ ബങ്കറിങ് സേവനം നൽകുന്ന ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞത്തെ ഉയർത്തുക. മദർഷിപ് നിർമാണം, അവയുടെ അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമാണ കേന്ദ്രം സ്ഥാപിക്കുക എന്നിവ എല്ലാം മിഷൻ സമുദ്ര പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

**(ഡി)** വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലും സമീപ പ്രദേശങ്ങളിലും സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;വിശദമാക്കാമോ;

**<u>മറുപടി:</u>** എംപ്റ്റി കണ്ടെയ്നർ യാർഡ്, ട്രെയിലർ /ട്രക്ക് യാർഡ് എന്നിവയ്ക്ക് സ്ഥലം ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തുറമുഖത്തോട് സാമീപ്യമുള്ളതും, മികച്ച റോഡ്, റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അനുയോജ്യമായ ഭൂമികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**(ഇ)** എംപ്റ്റി കണ്ടെയ്നർ യാർഡ്,ട്രെയിലർ /ട്രക്ക് യാർഡ് എന്നിവയ്ക്ക് സ്ഥലം ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**